സർക്കാർ വകുപ്പുകളുടെയും വാഹനങ്ങൾ ആഫീസ് ആവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ ധനകാര്യ പരിശോധനാ (നോൺ ടെക്നിക്കൽ) വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) വാഹന പരിശോധനയ്ക്കായി പ്രത്യേക പരിശോധന വിഭാഗം രൂപീകരിച്ചിട്ടില്ല. നിലവിലുള്ള ധനകാര്യ പരിശോധനാ (സാങ്കേതികയിതര) വിഭാഗത്തെ 12-10-2000 - ലെ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) പരിശോധന നടന്നു വരുന്നു.

(എഫ്) ബാധകമല്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവൻമാരുടെ ശമ്പള പരിഷ്ക്കരണം

14 (1286). ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാരുടെ ശമ്പള പരിഷ്ക്കരണത്തിനുള്ള കാലാവധി എത്ര കൊല്ലമാണ് ;

(ബി) കേരള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുകൾക്ക് വേണ്ടി കാലാകാലങ്ങളിൽ നടത്തുന്ന ശമ്പള പരിഷ്ക്കരണത്തിന്റെ മാനദണ്ഡം വിശദീകരിക്കുമോ ;

(സി) ബ്യൂറോ ഓഫ് പബ്ലിക് എന്റർ പ്രൈസസ് പൊതുമേഖലാ തലവന്മാർക്ക് ഇപ്പോൾ ബാധകമാക്കിയിട്ടുള്ള ശമ്പള സ്കെയിലുകൾ ഏതൊക്കെയാണെന്നും, ആയത് എന്നുമുതലാണ് നടപ്പിൽ വരുത്തിയതെന്നും വിശദീകരിക്കാമോ ;

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാരുടെ നിലവിലുള്ള ശമ്പള സ്കെയിലുകൾ ഏതൊക്കെയാണെന്നും, ആയത് എന്നു മുതലാണ് നടപ്പിൽ വരുത്തിയതെന്നും അറിയാമോ ; എങ്കിൽ വിശദീകരിക്കാമോ ;

(ഇ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാർക്ക് കാലാകാലങ്ങളിൽ ബാധകമാകുന്ന ശമ്പളസ്കെയിലുകൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാർക്കും അതേപടി നടപ്പാക്കാത്തതിന്റെ കാരണമെന്ത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാരുടെ തടഞ്ഞ ശമ്പള പരിഷ്ക്കരണം എന്നുമുതൽ നടപ്പിൽ വരുത്തുവാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത് ; അതിന് മുൻകാല പ്രാബല്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാരുടെ ശമ്പള പരിഷ്ക്കരണത്തിനുള്ള കാലാവധി കേന്ദ്രത്തിലും സംസ്ഥാനത്തിലും കഴിഞ്ഞ കേന്ദ്ര ശമ്പള പരിഷ്ക്കരണം വരെ 5 കൊല്ലമായിരുന്നു. 1-1-1997 മുതൽ പ്രാബല്യത്തിൽ വന്ന കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളിലെ തലവന്മാരുടെ ശമ്പള പരിഷ്ക്കരണ പ്രകാരം ശമ്പള പരിഷ്ക്കരണത്തിനുള്ള കാലാവധി 10 കൊല്ലമായി നിജപ്പെടുത്തിയിരിക്കുകയാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണ കാലാവധി ഇപ്പോഴും 5 കൊല്ലമാണ്.

(ബി) കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുകളുടെ ശമ്പള പരിഷ്ക്കരണം 5 കൊല്ലത്തിലൊരിക്കൽ, അതിനുമുമ്പ് നടപ്പിലാക്കിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാരുടെ ശമ്പള പരിഷ്ക്കരണത്തെയും സംസ്ഥാന സർവ്വീസിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെയും പരിഗണിച്ചാണ് നിശ്ചയിക്കുന്നത്.

(സി) 1-4-1997 മുതൽ നടപ്പിലാക്കിയ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുകളുടെ ശമ്പള സ്കെയിലുകൾ താഴെ പറയുന്ന പ്രകാരമാണ്.

ബിപിഇ ഷെഡ്യൂൾ	ശമ്പള സ്കെയിൽ
'എ'	12000-400-14000
'ബി'	10000-400-12000
'സി'	9000-300-10500
'ഡി'	5100-150-6300
'ഇ'	5100-150-5700
'എഫ്'	4200-125-4700-150-5300

(ഡി) ജൂൺ 1999-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 1-1-1997 മുതൽ നിലവിൽ വന്നിട്ടുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുകളുടെ ശമ്പള സ്കെയിലുകൾ താഴെ പറയുന്ന പ്രകാരമാണ്.

ഷെഡ്യൂൾ	ശമ്പള സ്കെയിൽ
'എ'	27750-750-31500
'ബി'	25750-650-30950
'സി'	22500-600-27300
'ഡി'	20500-500-25000

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ഥാപനത്തിന്റെ വലിപ്പം, അടച്ചുതീർത്ത മൂലധനം, ആകെയുള്ള വാർഷിക ക്രയ-വിക്രയം (ആനുവൽ ടേൺ ഓവർ) ജീവനക്കാരുടെ എണ്ണം ഇൻട്രൻസിക് ലയബിലിറ്റി തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുക്കുമ്പോൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളേക്കാൾ തുലോം ചെറുതാണ് എന്നുള്ള കാരണത്താലാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാർക്ക് കാലാകാലങ്ങളിൽ ബാധകമാക്കുന്ന ശമ്പള സ്കെയിലുകൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവൻമാർക്കും അതേപടി നടപ്പാക്കാത്തത്.

(എഫ്) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാർക്ക് കഴിഞ്ഞ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയത് 1-4-1997 മുതലാണ്. 5 കൊല്ലത്തിലൊരിക്കൽ ശമ്പളം പരിഷ്ക്കരിക്കുക എന്ന മാനദണ്ഡപ്രകാരം അവരുടെ അടുത്ത ശമ്പള പരിഷ്ക്കരണം 1-4-2002 മുതലേ നൽകേണ്ടതുള്ളൂ. അതുകൊണ്ട് ഈ ഉപചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലാ ആശുപത്രി നിർമ്മിക്കാൻ ഫണ്ട് ലഭ്യമാക്കാൻ നടപടി

15 (1287) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിക്കു വേണ്ടി കാഞ്ഞങ്ങാട് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ ഫണ്ട് ലഭിക്കാത്തതുകൊണ്ട് നിർത്തി വച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ആവശ്യമായ ഫണ്ടു ലഭ്യമാക്കി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പണി ഇതുവരെ നിറുത്തി വച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) നടപ്പു വർഷത്തെ ബഡ്ജറ്റിൽ ആശുപത്രി നിർമ്മാണത്തിന് 10,00,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അത് അനുവദിക്കുന്ന കാര്യം സംസ്ഥാനത്തിന്റെ സാമ്പത്തിക പരിധിയ്ക്കകത്തു നിന്നുകൊണ്ട് പരിഗണിക്കാവുന്നതാണ്.

തയ്യൽ ടീച്ചർമാരുടെ സേവന-വേതന വ്യവസ്ഥ

16 (1288) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly